**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1194** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരള അഗ്രോ ബിസിനസ് കമ്പനി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാല വിപണി കണ്ടെത്തുന്നതിനായി രൂപീകരിച്ച കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (കാബ്കോ) പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (കാബ്കോ) പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി വെജിറ്റബിൾ പാർക്ക് വട്ടവട ഇടുക്കി, ബനാന ആൻഡ് ഹണി പാർക്ക് തൃശ്ശൂർ, മംഗോ പാർക്ക് മുതലമട പാലക്കാട്, കോക്കനട്ട് പാർക്ക് വേങ്ങേരി കോഴിക്കോട്, കോക്കനട്ട് പാർക്ക് കുത്താളി കോഴിക്കോട്, നിർദിഷ്ട അഗ്രി-ടെക് ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ കാബ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതോടൊപ്പം, വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് B2B സംഗമങ്ങൾ, DPR ക്ലിനിക്കുകൾ, നിക്ഷേപക-കയറ്റുമതി ഫോറങ്ങൾ, ഉപയോഗശൂന്യമായ ഭൂമി കൃഷിയിലേക്ക് കൊണ്ടുവരുന്നതിന് നവോധൻ (NAWO-DHAN) പദ്ധതി, 'കേരളാഗ്രോ' ഏകീകൃത ബ്രാൻഡിംഗ്, കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു അഗ്രി കയറ്റുമതി സഹായ കേന്ദ്രം (Agri Export Cell) എന്നിവ മുഖേന കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**